പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യംനമ്പര്‍. 2210. 15/07/2011-ല്‍ മറുപടിക്ക്

## ഭൂമി സ്വകാര്യ വ്യക്തികള്‍ക്ക് വിട്ടു കൊടുത്ത ഉത്തരവ് റദ്ദ് ചെയ്യാന്‍ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.കുഞ്ഞമ്മദ് മാസ്റ്റര്‍ | ശ്രീ. തിരുവഞ്ചൂര്‍ രാധാകൃഷ്ണന്‍<br>(റവന്യൂ വകുപ്പ് മന്ത്രി) |
| (എ) പേരാമ്പ്രയിലെ റഗുലേറ്റഡ് മാര്‍ക്കറ്റിംഗ് കമ്മിറ്റി വക ഭൂമി സ്വകാര്യ വ്യക്തികള്‍ക്ക് വിട്ടു കൊടുക്കാനുള്ള ഉത്തരവ് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ ; | (എ) ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ട്. പേരാമ്പ്രയിലെ മലബാര്‍ മാര്‍ക്കറ്റ് കമ്മിറ്റിയുടെ 1.36 ഏക്കര്‍ സ്ഥലം സര്‍ക്കാര്‍ ഉത്തരവ് (സാധാ) നം.2219/03/റവ തീയതി: 29.07.2003 പ്രകാരം ശ്രീമതി. കല്യാണിയമ്മയ്ക്ക് നല്‍കാന്‍ ഉത്തരവായിരുന്നു. |
| (ബി) പ്രസ്തുത ഉത്തരവ് റദ്ദ് ചെയ്ത് ഭൂമി സര്‍ക്കാര്‍ അധീനതയിലാക്കുന്നതിന് നടപടികള്‍ സ്വീകരിക്കുമോ ; | (ബി) സര്‍ക്കാരിന്റെ പൊതു സ്വത്ത് സംരക്ഷിക്കാന്‍ സര്‍ക്കാര്‍ എല്ലാ നടപടികളും കൈക്കൊള്ളുന്നതാണ്. |
| (സി) ഇത് സംബന്ധിച്ച് സര്‍ക്കാര്‍ അഡ്വക്കേറ്റ് ജനറലില്‍ നിന്നും നിയമോപദേശം തേടിയിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ ; | (സി) തേടിയിട്ടുണ്ട്. |
| (ഡി) എങ്കില്‍ അഡ്വക്കേറ്റ് ജനറല്‍ നല്‍കിയ നിയമോപദേശത്തിന്റെ പകര്‍പ്പ് ലഭ്യമാക്കാമോ ; | (ഡി) അഡ്വക്കേറ്റ് ജനറല്‍ നല്‍കിയ നിയമോപദേശത്തിന്റെ പകര്‍പ്പ് അനുബന്ധമായി ചേര്‍ക്കുന്നു. |
| (ഇ) ഭൂമി സ്വകാര്യ വ്യക്തികള്‍ക്ക് വിട്ടു കൊടുത്ത ഉത്തരവ് റദ്ദ് ചെയ്യുന്നതിന് എന്തെങ്കിലും തടസ്സങ്ങള്‍ നിലവിലുണ്ടോ ; വിശദാംശങ്ങള്‍ വെളിപ്പെടുത്തുമോ ? | (ഇ) ഈ വിഷയം സംബന്ധിച്ച് പഞ്ചായത്ത് ഫയല്‍ ചെയ്തിരിക്കുന്ന കേസ് ഭൂമി സ്വകാര്യ വ്യക്തിക്ക് നല്‍കിയതിനെതിരായതിനാലും ഇപ്പോള്‍ സര്‍ക്കാരിന്റെ താത്പര്യം ഭൂമി സ്വകാര്യ വ്യക്തിക്ക് പതിച്ചു നല്‍കുന്നത് ഒഴിവാക്കുക എന്നതായതിനാലും കേസ് നിലനില്‍ക്കെ തന്നെ ഭൂമി പതിച്ചു നല്‍കിയ ഉത്തരവ് റദ്ദ് ചെയ്യാന്‍ കഴിയുമോയെന്ന് അഡ്വക്കേറ്റ് ജനറലിനോട് ഉപദേശം ആരാഞ്ഞിരുന്നു. ഒരിക്കല്‍ ഭൂമി ഒരു പ്രത്യേക ആവശ്യത്തിനായി ഏറ്റെടുത്തു കഴിഞ്ഞാല്‍ പ്രസ്തുത ഉദ്ദേശ്യത്തിനായി ആ ഭൂമി ഉപയോഗിച്ചില്ലെങ്കില്‍ കൂടിയും നഷ്ടപരിഹാരം നല്‍കിയ ഭൂവുടമസ്ഥന് ആ ഭൂമിയുടെ മേല്‍ യാതൊരു അവകാശവും ഉണ്ടായിരിക്കുകയില്ലെന്നും പരാമര്‍ശിത സര്‍ക്കാര്‍ ഉത്തരവ് പിന്‍വലിക്കുകയാണെങ്കില്‍ അത് കക്ഷിക്കു മാത്രമേ ഗുണം ചെയ്യുകയുള്ളുവെന്നും അഡ്വക്കേറ്റ് |

ജനറൽ അറിയിച്ചിട്ടുണ്ട്. ആയതിനാൽ പ്രസ്തുത വിഷയം ബന്ധപ്പെട്ട ബെഞ്ചിനെ അറിയിക്കുകയും ഈ ഉത്തരവ് നിലനിൽക്കുന്നതല്ലെന്ന് ബോധ്യപ്പെടുത്തി ടി ഉത്തരവ് റദ്ദ് ചെയ്യുന്നതോടൊപ്പം പഞ്ചായത്തിന്റെ പരാതി ഹർജികൾ കൂടി പരിശോധിച്ച് അന്യായമായ ഉത്തരവ് പുറപ്പെടുവിക്കുന്ന തരത്തിൽ നിയമപരമായ പരിഹാരം തേടുന്നതാണ് ഉചിതമെന്നും അഡ്വക്കേറ്റ് ജനറൽ അറിയിച്ചിട്ടുണ്ട്. അതനുസരിച്ച് നടപടികൾ കൈക്കൊള്ളാൻ അഡ്വക്കേറ്റ് ജനറലിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ കേസിന്റെ ഇപ്പോഴത്തെ സ്ഥിതി എന്തെന്ന് അറിയിച്ചു കൊണ്ടുള്ള അഡ്വക്കേറ്റ് ജനറലിന്റെ മറുപടി ലഭിച്ചു കഴിഞ്ഞാലുടൻ ഈ വിഷയത്തിൽ അനന്തര നടപടികൾ കൈക്കൊള്ളുന്നതാണ്.

സെക്ഷൻ ഓഫീസർ

173

## Legal Opinion in W.P.(C) No. 25559/2003

It is a settled legal proposition that once land is acquired for a particular purpose and award passed and the acquired land is taken possession of, the land exclusively vest with the Government.

Even in case the land is not utilized for the purpose for which it is acquired, the former owner who had been paid compensation has no right to stake a claim for re-conveyance as the land vest in the Government free from all encumbrances and it is immaterial whether it is utilized for the purpose for which it is acquired.

Now an altogether irregular procedure is adopted by the Government in taking the 3rd respondent's case as a special one and ordering re-conveyance. The Judgment of the High Court in OP 8263/2003 does not render any positive direction to re-convey and it only direct the Government, to consider a representation which was seeking a relief for which the 3rd respondent had no legal right nor the Government had any obligation to yield for the same. It appears that Ext. P9 order is passed for obvious reasons. A counter is already filed in the matter fully supporting Ext. P9. Therefore if Ext. P9 is recalled, it will only help the 3rd respondent in defending an illegal order which will not do any good for the state.

Therefore according to me, it would be appropriate to bring up the matter before the bench and concede to the extend that Ext. P9 is not sustainable and get the same quashed with a direction to reconsider the matter afresh after considering the application of the petitioner panchayath also and thereafter pass appropriate orders.

The present stage of the matter is that there is an absolute stay of Ext.P9 order.

Dated this the 21st day of October, 2010

M.A. Asif.
Government Pleader

Gk/2